**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3473 12/12/2014-ൽ മറുപടിയ്ക്ക്

## കാർഷിക വികസന നയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**,, റ്റി.എൻ. പ്രതാപൻ**<br>**,, ഷാഫി പറമ്പിൽ**<br>**,, സണ്ണി ജോസഫ്** | | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) | സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിച്ചിട്ടുണ്ട്. 2014 ജൂലൈ മാസം 8-ാം തീയതി നിയമസഭയിൽ കാർഷിക നയം അംഗീകരിച്ചിട്ടുണ്ട്. നിയമസഭയിൽ നിർദ്ദേശിച്ച തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ ഉൾപ്പെട്ട കാർഷിക നയത്തിന്റെ പൂർണ്ണ രൂപം അംഗീകരിച്ച് ഉത്തരവാകുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| ബി) കാർഷിക വികസനം നയം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷിക വൃത്തിയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കൽ, കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കൽ, കൃഷിഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കൽ, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കൽ തുടങ്ങിയ ലക്ഷ്യങ്ങളാണ് കാർഷിക വികസന നയം കൊണ്ട് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| സി) നയം സംബന്ധിച്ച ശുപാർശകൾ നൽകാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; | സി) | നയം സംബന്ധിച്ച ശുപാർശകൾ നൽകാൻ ബഹു.മന്ത്രിമാർ ഉൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിരുന്നു. |
| ഡി) പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) | കാർഷിക വികസന നയത്തിന് മന്ത്രിസഭാ അംഗീകാരം നൽകി കഴിഞ്ഞാലുടൻ കാർഷിക വികസന നയം പ്രസിദ്ധീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**